# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –1075 29.09.2011 ൽ മറുപടിക്ക്**

## കുട്ടനാട്ടിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ . തോമസ് ചാണ്ടി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം കുട്ടനാട്ടിലേക്ക് അനുവദിച്ച 25 റോഡ് നിർമ്മാണ പ്രവൃത്തികളിൽ കരാർ വച്ച് നിർമ്മാണം പൂർത്തികരിച്ചതും ആരംഭിച്ചതുമായ പ്രവൃത്തികളുടെ വിശദ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) | ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കുട്ടനാട്ടിൽ 34 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ കൊട്ടാരം പൗവ്വം റോഡ് പൂർത്തീകരിച്ചു. 12 പ്രവൃത്തികൾ പുരോഗതിയിലാണ്. 8 പ്രവൃത്തികൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. മഴ മാറിയാൽ പണി ആരംഭിക്കുന്നതാണ്. 12 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചുവെങ്കിലും കോൺട്രാക്ടേഴ്സിന്റെ ഭാഗത്തു നിന്നും പ്രതികരണം ഉണ്ടായിട്ടില്ല. വെളിയനാട് പഞ്ചായത്തിലെ ഗുരുമന്ദിരം ജംഗ്ഷൻ എൻ.എസ്സ്.എസ്സ്.എച്ച്.എസ് റോഡിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം ടെണ്ടർ ക്ഷണിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | 34 പ്രവൃത്തികളിൽ സ്ഥലം ലഭ്യമല്ലാത്ത ഒരു പ്രവൃത്തി ഒഴികെ മറ്റെല്ലാ പ്രവൃത്തികളുടേയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (സി) ടെണ്ടർ നടപടികൾ സ്വീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | | |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ച റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ